# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 22.09.2026**

## പ്രധാനവാർത്തകൾ

1. 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്യു. മികച്ച നടനുള്ള പുരസ്കാരം ഏറ്റുവാങ്ങി മലയാളികളുടെ പ്രിയ താരം മമ്മൂട്ടി.

2. പാർശ്വ വൽക്കരിക്കപ്പെട്ടവരെ സ്നേഹത്തോടെ ചേർത്തുപിടിക്കണമെന്ന് വിദ്യാർഥികളോട് ആഹ്വാനം ചെയ്ത് മുഖ്യമന്ത്രി വി.ഡി സതീശൻ. ചീഫ് മിനിസ്റ്റർ ഷീൽഡ് അവാർഡുകൾ മുഖ്യമന്ത്രി വിതരണം ചെയ്യു.

3. സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമെന്ന് മന്ത്രി കെ മുരളീധരൻ.

4. ഓൺലൈൻ ഡെലിവറി ജീവനക്കാർക്കുള്ള സംസ്ഥാനത്തെ ആദ്യ വിശ്രമകേന്ദ്രം നാളെ തിരുവനന്തപുരത്ത് മന്ത്രി ജബിന്ദു കൃഷ്ണ ഉദ്ഘാടനം ചെയ്യും.

5. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യത. നാളെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ആദ്യ സ്വർണം. വനിത ക്രിക്കറ്റിൽ ശ്രീലങ്കയെ പരാജയപ്പെടുത്തി.

**********************

RNU TVPM

## ചലച്ചിത്ര പുരസ്കാരം (ഇൻട്രോ)

72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു. കേവഡിയയിലെ ഏകതാ നഗറിലായിരുന്നു പരിപാടി. 'ഭ്രമയുഗം' എന്ന ചിത്രത്തിലെ പ്രകടനത്തിന് മലയാളികളുടെ പ്രിയ താരം മമ്മൂട്ടി പുരസ്കാരം ഏറ്റുവാങ്ങി.

**(ഹോൾഡ് വോയ്സ്.......)**

'ഭ്രമയുഗ'ത്തിന്റെ ഛായാഗ്രഹണത്തിന് ഷെഹനാദ് ജലാലും പുരസ്കാരം ഏറ്റുവാങ്ങി . 'എ.ആർ.എം' എന്ന ചിത്രത്തിലെ 'അങ്ങു വാന കോണില്' എന്ന ഗാനം ആലപിച്ച വൈക്കം വിജയലക്ഷ്മിക്ക് മികച്ച ഗായികയ്ക്കുള്ള പുരസ്കാരം സമ്മാനിച്ചു. മികച്ച മലയാള സിനിമയ്ക്കുള്ള പുരസ്കാരം ഫെമിനിച്ചി ഫാത്തിമയുടെ സംവിധായകൻ ഹസീബ് മുഹമ്മദും , മികച്ച ആനിമേഷൻ സംവിധായകനായി ജോഷി ബെനഡിക്ടും , 'ഭദ്ര-കാളി നാടകം' എന്ന മലയാളം നോൺ-ഫീച്ചർ ചിത്രത്തിന് ആനന്ദ് ജ്യോതിയും പുരസ്കാരം ഏറ്റുവാങ്ങി. 2024-ലെ ദാദാസാഹെബ് ഫാൽക്കെ പുരസ്കാരം പ്രശസ്ത കന്നഡ നടൻ അനന്ത് നാഗ് ഏറ്റുവാങ്ങി.

RNUTVPM

**********************

## മുഖ്യമന്ത്രി -ചീഫ് മിനിസ്റ്റർ ഷീൽഡ് അവാർഡ്

പാർശ്വവൽക്കരിക്കപ്പെട്ടവരെയും സങ്കടപ്പെടുന്നവരെയും സ്നേഹത്തോടെ ചേർത്തുനിർത്താൻ വിദ്യാർഥികൾ മുന്നോട്ടുവരണമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ ചീഫ് മിനിസ്റ്റർ ഷീൽഡ് അവാർഡ് നിയമസഭയിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യസ്നേഹമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വലിയ പങ്ക് വഹിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

**********************

## ഗിഗ് തൊഴിലാളി

ഓൺലൈൻ ഡെലിവറി ജോലിക്കാർക്കുള്ള സംസ്ഥാനത്തെ ആദ്യ വിശ്രമകേന്ദ്രം GIGON നാളെ തിരുവനന്തപുരത്ത് തുറക്കും. തൊഴിൽവകുപ്പ് ഒരുക്കുന്ന വിശ്രമകേന്ദ്രം തിരുവനന്തപുരം ഊറ്റുകുഴിയിലാണ് പ്രവർത്തനം ആരംഭിക്കുന്നത്. മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവ്വഹിക്കും.

**********************

## കെ. മുരളീധരൻ

സർക്കാർ ആശുപത്രികളിലെ പഴയ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ തീരുമാനിച്ചതായി ആരോഗ്യ മന്ത്രി കെ. മുരളീധരൻ. ഡോക്ടർമാരുടെയും ജീവനക്കാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്നും പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെയുള്ള ഇടങ്ങളിൽ പുതിയ നിയമനങ്ങൾ നടത്തുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

**********************

## ഡിജിറ്റൽ വിഭജനം- ഷംസുദ്ദീൻ

പൊതുവിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ വിഭജനം പൂർണമായും ഒഴിവാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ. തിരുവനന്തപുരം ജഗതി ഗവ. ബധിര വിദ്യാലയത്തിൽ സോഫ്റ്റ്വെയർ സ്വതന്ത്ര്യ ദിനാചരണവും സ്കൂൾ വിക്കിത്തോൺ പൂർത്തീകരണ പ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി. പാഠ്യപദ്ധതിക്കൊപ്പം സാങ്കേതിക വൈദഗ്ധ്യം വികസിപ്പിക്കുന്നതിന് സർക്കാർ പ്രാധാന്യം നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

RNU TVPM

**********************

## സേവാസങ്കൽപ് (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്രമോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. സേവനം സദ്ഭരണം എന്ന കാഴ്ചപ്പാടോടെ , 2047-നകം 'വികസിത

ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. രാജ്യത്തെ വ്യവസായ സൗഹൃദമാക്കാൻ കേന്ദ്ര സർക്കാർ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചത്. **കേന്ദ്ര പദ്ധതിയായ പി എം ഇ ജി പി യിലൂടെ ജീവിത വിജയം നേടിയ തിരുവനന്തപുരം വലിയ തുറ സ്വദേശി തോമസ് ഫ്രാങ്ക്ളിൻ ആകാശവാണിയോട്.........**

**(വോയ്സ്)**

***************************

<u>പ്രാദേശിക അവധി</u>

ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഇരുപത്തിയെട്ടാം ഓണ മഹോത്സവവുമായി ബന്ധപ്പെട്ട് ദേശീയപാത 66 ൽ നാളെ രാവിലെ ആറ് മുതൽ ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. ക്ഷേത്രത്തിലെ കാളകെട്ട് മഹോത്സവം പ്രമാണിച്ച് ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ പ്രാദേശിക അവധിയാണ്.

***************************

**<u>കോട്ടയം-മുന്തിരിത്തോപ്പ്(ഇൻട്രോ)</u>**

മുന്തിരിത്തോപ്പുകൾ കാണാൻ കോട്ടയംകാർ ഇനി കമ്പത്തേക്ക് വണ്ടി കയറേണ്ട! കോട്ടയത്തിന്റെ മണ്ണിലും മധുരമുള്ള മുന്തിരി വള്ളികൾ വിളഞ്ഞു കഴിഞ്ഞു.

**ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ തയ്യാറാക്കിയ റിപ്പോർട്ട്.**

**(ഹോൾഡ് വോയ്സ്.........)**

***************************

<u>മഴ</u>

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ ഏഴ് ജില്ലകളിലും മറ്റന്നാൾ അഞ്ച് ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന്

RNU TVPM

നിർദേശം. മോശം കാലാവസ്ഥയെ തുടർന്ന് കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**********************

## മൃതദ്ദേഹം കണ്ടെത്തി

മലപ്പുറം പൂക്കോട്ടുപാടം കോട്ടപ്പുഴയിൽ മലവെള്ളപ്പാച്ചിലിൽ കാണാതായ ടി.കെ. കോളനി സ്വദേശി സജിതയുടെ മൃതദ്ദേഹം കണ്ടെത്തി. ഇതോടെ ഒഴുക്കിൽപ്പെട്ട് കാണാതായ ആറ് പേരുടെയും മൃതദ്ദേഹങ്ങൾ കണ്ടെടുത്തു. മൂന്നാം ദിവസത്തെ തിരച്ചിലിലാണ് മൃതദ്ദേഹം കണ്ടെടുത്തത്.

**********************

## ഉപരാഷ്ട്രപതി ആലപ്പുഴ

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

**********************

## ഭാഗിക വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെഎസ്ഇബി. വൈകീട്ട് 6.45 മുതൽ മുതൽ രാത്രി 12:35 വരെയായിരിക്കും നിയന്ത്രണം.

**********************

## ഏഷ്യൻ ഗെയിംസിൽ ആദ്യ സ്വർണം

ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ആദ്യ സ്വർണം. വനിതാ ക്രിക്കറ്റ് ഫൈനലിൽ ശ്രീലങ്കയെ 147 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സ്വർണം നേടിയത്. വനിതാ ക്രിക്കറ്റ് ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യൻ വനിതാ ടീം രാജ്യത്തിൻറെ അഭിമാനമുയർത്തിയതായി പ്രധാനമന്ത്രി പറഞ്ഞു.

**********************

PNU TVPM

## ഏഷ്യൻ ഗെയിംസ്sss

ഏഷ്യൻ ഗെയിംസ് ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ലോക ഏഴാം നമ്പർ താരം കൊദായ് നരോക്കയെ പരാജയപ്പെടുത്തി ഇന്ത്യയുടെ ലക്ഷ്യ സെൻ അടുത്ത റൗണ്ടിലേക്ക് പ്രവേശിച്ചു. പുരുഷ ഡബിൾസിൽ സാത്വിക്സായിരാജ് രങ്കിറെഡ്ഡി ചിരാഗ് ഷെട്ടി സഖ്യം മുൻ ലോക ചാമ്പ്യന്മാരായ ഹോക്കി തകുരോ, കൊബയാഷി യുഗോ എന്നിവരെ പരാജയപ്പെടുത്തി. പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ആയുഷ് ഷെട്ടിയും വിജയിച്ചു. പുരുഷന്മാരുടെ 55 കിലോഗ്രാം വിഭാഗം പ്രാഥമിക റൗണ്ടിൽ, നേപ്പാളിന്റെ ചന്ദ്ര ബഹാദൂർ ഥാപയെ പരാജയപ്പെടുത്തി ഇന്ത്യൻ ബോക്സർ ജാദുമണി സിംഗ് പ്രീ-ക്വാർട്ടറിലേക്ക് മുന്നേറി. വുഷുവിൽ വനിതകളുടെ 60 കിലോഗ്രാം വിഭാഗം ക്വാർട്ടർ ഫൈനലിൽ, ചൈനീസ് താരത്തെ പരാജയപ്പെടുത്തി ഇന്ത്യയുടെ റോഷിബിന ദേവി ഗെയിംസിലെ തന്റെ മൂന്നാമത്തെ മെഡൽ ഉറപ്പിച്ചു. പുരുഷന്മാരുടെ 56 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ ആര്യനും ക്വാർട്ടർ ഫൈനലിലേക്ക് മുന്നേറി.

**********************

RNU TVPM

## പ്രിയദർശിനി

സ്ത്രീകൾക്ക് സൗജന്യ യാത്ര സാധ്യമാക്കിയ പ്രിയദർശിനി പദ്ധതി കെഎസ്ആർടിസിയെ കൂടുതൽ ജനകീയമാക്കിയതായി ഗതാഗത മന്ത്രി സി പി ജോൺ. പ്രിയദർശിനി പദ്ധതിയുടെ നൂറാം ദിനാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കെഎസ്ആർടിസി ബജറ്റ് ടൂറിസം സെല്ലിനായി തയ്യാറാക്കിയ പുതിയ സോഫ്റ്റ്‌വെയർ, വെയിറ്റിങ് ലിസ്റ്റ് സംവിധാനം, ലക്ഷദ്വീപ്–ഹൈദരാബാദ് ആഡംബര സർവീസ് എന്നിവ ചടങ്ങിൽ ഉദ്ഘാടനംചെയ്തു.

**********************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 330 പോയിന്റ് ഇടിഞ്ഞ് 74,529 ലും നിഫ്റ്റി 85 പോയിന്റ് നഷ്ടത്തിൽ 23,329 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കുറഞ്ഞു. പവന് 1,040 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 12,440 രൂപയും ഗ്രാമിന് 14,055 രൂപയുമാണ് ഇന്നത്തെ വില.

**********************

**********************

********

RNU TVPM